# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 902 — 29.09.2011 - ൽ മറുപടിക്ക്

### ഭിന്നശേഷിയുള്ള അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും കണ്ടെത്തുന്നതിനായി നടപടി

<u>ചോദ്യം</u> — <u>ഉത്തരം</u>

ശ്രീ. സണ്ണി ജോസഫ്
ശ്രീ.ജോസഫ് വാഴക്കൻ
ശ്രീ.വർക്കല കഹാർ
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

---

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഭിന്നശേഷിയുള്ള അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും കണ്ടെത്തി ശാക്തീകരിക്കുന്നതിനായി എന്തെല്ലാം കർമ്മപരിപാടികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; | (എ) അദ്ധ്യാപകർക്ക് നൽകുന്ന എല്ലാ പരിശീലനങ്ങളും ഭിന്നശേഷിയുള്ള അദ്ധ്യാപകർക്കും കാലാകാലങ്ങളിൽ നൽകി വരുന്നു. സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപകർക്കും പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ പൊതു വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന കാഴ്ചക്കുറവുള്ള അദ്ധ്യാപകർക്ക് ത്രിദിന പരിശീലനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>കാലാകാലങ്ങളിൽ ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസർ തലത്തിൽ വൈദ്യപരിശോധനാ ക്യാമ്പ് നടത്തി പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുകയും, അവർക്ക് പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായങ്ങൾ, സഹായോപകരണങ്ങൾ, തെറാപ്പി സർവ്വീസുകൾ, റിസോഴ്സ് അദ്ധ്യാപകരുടെ സേവനങ്ങൾ, പഠനോപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ |

| | | | |
|---|---|---|---|
| | | | ഉപകണങ്ങൾ ഉപയോഗിച്ചുള്ള പഠനപ്രവർത്തനങ്ങൾ തുടങ്ങിയ സേവനങ്ങളും നൽകി വരുന്നു. |
| (ബി) | ഏതെല്ലാം വിഭാഗത്തിൽ പ്പെടുന്നവരെയാണ് ഇങ്ങനെ കണ്ടെത്താൻ ഉദ്ദേശിക്കുന്നത്; | (ബി) | ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഫോർ ദി ഡിസേബിൾഡ് സെക്കൻഡറി സ്റ്റേജ് പദ്ധതി പ്രകാരം ബ്ലൈൻഡ്നെസ്, ലോ വിഷൻ, ലെപ്രസി ക്യൂർഡ്, ഹിയറിംഗ് ഇംപയേർഡ്, മെന്റലി റിട്ടാർഡഡ്, മെന്റൽ ഇൽനെസ്, ഓട്ടിസം, സെറിബ്രൽ പാൾസി, ലോക്കോ മോട്ടോർ ഡിസബിലിറ്റി, സ്പീച്ച് ഇമ്പയർമെന്റ്, ബഹുവിധ വൈകല്യങ്ങൾ തുടങ്ങിയ വിഭാഗം കുട്ടികളെയാണ് വൈദ്യപരിശോധന വഴി കണ്ടെത്താൻ ഉദ്ദേശിക്കുന്നത്. |
| (സി) | ഇതിന് ഐ.ടി.ഉൾപ്പെടെ യുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിക്കുമോ; | (സി) | ഐ.ടി.ഉൾപ്പെടെ യുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുവരുന്നു |
| (ഡി) | ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | പൊതുവിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന കാഴ്ചയില്ലാത്ത അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഐ.റ്റി.അറ്റ് സ്കൂളുമായി ചേർന്ന് ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ ഫോർ ഡിസേബിൾഡ് റിസോഴ്സ് അദ്ധ്യാപകർക്കും പ്രത്യേക പരിശീലനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

———